www.wadirahma.org

Lead Square
WADIRAHMA

# WADI VOICE
## Students Bulletin

ലക്കം 4 ജനുവരി 2020
Published By : The Students Union, Lead Square Wadirahma



# അറിഞ്ഞു പെരുമാറുക

ലേഖനം/ഷന യാസ്മിൻ Class XII

കാലചക്രം കറങ്ങിക്കൊണ്ടിരിക്കെ കാണുന്ന കാഴ്ചയാണ് അറ്റുകൊണ്ടിരിക്കുന്ന മനുഷ്യ ബന്ധങ്ങൾ. മനുഷ്യർ പരസ്പരം മിണ്ടാൻ പോലും മറന്നുപോയിരിക്കുന്നു. പരസ്പരം അറിയാനും ആശയ വിനിമയം നടത്താനുമുള്ള താല്പര്യം കുറഞ്ഞു വന്നിരിക്കുന്നു.

അയൽവാസി പട്ടിണി കിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന മുഹമ്മദ് നബി (സ്വ) യുടെ വാക്കുകളിൽ നിന്ന് തന്നെ വ്യക്തമാണ് എത്രത്തോളം ഗാംഭീര്യം നിറഞ്ഞതാണ് മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെന്ന്.

മനുഷ്യൻ ഒരു സാമൂഹിക ജീവിയായത് കൊണ്ട് തന്നെ പരസ്പരം ഇണങ്ങിയും പിണങ്ങിയും ജീവിക്കുന്നവരാണ്. ഒറ്റക്ക് ജീവിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ചേടത്തോളം പ്രായോഗികമല്ല. അതുകൊണ്ട്തന്നെ പരസ്പരമുള്ള സമീപനത്തിൽ ഒട്ടേറെ സൂക്ഷ്മതകൾ നിലനിർത്തേണ്ടവരാണ് മനുഷ്യർ. കരുത്തുറ്റ കുടുംബ ബന്ധങ്ങൾ ജീവിതത്തിൽ എന്നെന്നും തണലായി മാറുക തന്നെ ചെയ്യും. വീണിടത്തു നിന്ന് എഴുന്നേൽക്കാനുള്ള വലം കൈയായി ബന്ധങ്ങൾ മാറണമെങ്കിൽ നമ്മളൊരുരുത്തരും ബന്ധങ്ങളിൽ അതീവ സൂക്ഷ്മത നിലനിർത്തേണ്ടതുണ്ട്.

വളരെചുരുങ്ങിയ ആളുകളോട് മാത്രം ചെയ്യാനുള്ളതല്ല മ

# അറിഞ്ഞു പെരുമാറുക

വളരെ ചുരുങ്ങിയ ആളുകളോട് മാത്രം ചെയ്യാനുള്ളതല്ല മനുഷ്യരുടെ കടമകൾ. മാതാപിതാക്കളോടും ഭാര്യാസന്താനങ്ങളോടും അയൽപക്കത്തോടുമുള്ള ബാധ്യതകൾ നമുക്കറിയാം. എന്നാൽ നമ്മുടെ ബാധ്യതകൾ സമൂഹമാകെ പരന്നു കിടക്കുകയാണ്. നാളെ ആയുസ്സും ആരോഗ്യവും എന്തിന് വിനിയോഗിച്ചു എന്ന ചോദ്യത്തിന് ഉത്തരം നൽകാനുള്ളപ്പോൾ, അനാഥരായ മക്കളെകൂടി ഓർക്കേണ്ടതുണ്ട് നമ്മൾ. അവർക്ക് വേണ്ടി നമ്മുടെ കഴിവിന്റെ പരിധിയിൽ നിന്ന് കൊണ്ടെന്ത് ചെയ്തു കൊടുത്തു എന്നും, അവശരായ രോഗികളോട് അനുകമ്പാപൂർവ്വം പെരുമാറിയിട്ടുണ്ടോയെന്നും നമ്മൾ ആലോചിക്കേണ്ടതുണ്ട്.

ഇത്തരത്തിൽ നോക്കുകയാണെങ്കിൽ കടമകൾ പരന്നു കിടക്കുകയാണ്. ചുറ്റുപാടുമുള്ളവരോടുള്ള നമ്മുടെ സമീപനം എങ്ങനെയായിരുന്നു എന്ന ചോദ്യത്തിന് നമുക്ക് തല കുനിക്കാതെ ഉത്തരം നൽകണമെങ്കിൽ പരസ്പരം കണ്ടറിയാനും സഹായിക്കാനും, കഴിവിന്റെ പരിധിയിൽ നിന്ന് കൊണ്ടു തന്നെ എന്തൊക്കെ ചെയ്യാൻ പറ്റുന്നോഅതെല്ലാം നിർവഹിക്കേണ്ടതുമുണ്ട്.
പണത്തിന്റെയും പ്രശസ്തിയുടെയും അഹങ്കാരത്തിൽ, വന്ന വഴി മറക്കുന്നവരാണ് പൊതുവെ മനുഷ്യർ. അത് കൊണ്ട് തന്നെതാഴെ തട്ടിലുള്ളവരെ അവഗണിക്കാനും സാധ്യതയുണ്ട്. പക്ഷെ ഇതെല്ലാം പരീക്ഷണങ്ങളാണെന്നും അതിന് വേണ്ടി അള്ളാഹു നൽകിയതാണെന്നുമുള്ള ബോധ്യം നമുക്കുണ്ടാവേണ്ടതുണ്ട്. ഈ ബോധ്യം എല്ലാവരോടുമുള്ള സമീപനത്തിൽ സൗമ്യവും സന്തോഷവും നിലനിർത്താൻ സഹായിക്കുന്നു.

ലേഖനം/ഷന യാസ്മിൻ

# കോവിഡ് കാലത്ത്

ലേഖനം

ഫമീൽ യാസീൻ Class V

പറവകളെ പോലെ പാറി നടക്കുന്ന കുട്ടിക്കൂട്ടങ്ങളെ, കൂട്ടിലടച്ച കുഞ്ഞിക്കിളികളെ പോലെയാക്കിയ മഹാമാരി കാലം.... മാർച്ച് മാസം പരീക്ഷ കാത്തിരുന്ന ഞങ്ങളെ അപ്രതീക്ഷിതമായി വീട്ടിലേക്കയച്ച കോവിഡ് 19... അതെ നമ്മളെയെല്ലാം വീട്ടിലടച്ചിട്ട മഹാമാരി....

ആദ്യമെല്ലാം എനിക്ക് സന്തോഷമായിരുന്നു. കാരണം സ്കൂളിൽ പോകാതെ വീട്ടിലിരിക്കാമല്ലോഎന്നോർത്ത്.പക്ഷെ ആ സന്തോഷം കുറച്ച് നാൾമാത്രമേ ഉണ്ടായിരുന്നുള്ളൂ... വീട്ടിലിരുന്നു മുഷിഞ്ഞു.. എങ്ങനെയെങ്കിലും സ്കൂൾ തുറന്നാൽ മതി എന്നായി. നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ പോലും സാധിക്കാത്ത ഈ കുഞ്ഞുവൈറസ്കാരണം വിരുന്നു പോക്കും, കൂട്ടുകാരൊത്തുള്ള കളികളുമെല്ലാം മുടങ്ങി.പിന്നെ ഓൺലൈനിലൂടെ കുട്ടികൾക്കായി വിവിധ ഗ്രൂപ്പുകളുടേയും സംഘടനകളുടേയും ആഭിമുഖ്യത്തിൽ നടന്ന ക്വിസ് മത്സരങ്ങളും, പ്രസംഗ മത്സരങ്ങളും, മാനസികോല്ലാസപ്രവർത്തനങ്ങളും ഈ ലോക്ഡൗണും ക്രിയാത്മകമായി വിനിയോഗിക്കാനായി.ഓൺലൈൻ ക്ലാസുകളും തകൃതിയായി നടന്നു പോന്നു.ക്ലാസ്മുറിയിലെ ബഹളവും, പങ്കുവെക്കലിന്റെ മധുരവും കൂട്ടുകാരുമൊത്തുള്ള കളികളുമെല്ലാം, ടെലിവിഷൻ സ്ക്രീനിന് മുന്നിൽ കണ്ണും മിഴിച്ചിരുന്ന് ആലോചിച്ചിരിക്കും .എന്തായാലും ഇതെല്ലാം ഒരുനാൾ അവസാനിച്ച് ആക്ലാസ്മുറികളിൽ വീണ്ടും സജീവമാകാൻ കഴിയുമെന്നോർത്ത് വീണ്ടും ഓൺലൈൻ ക്ലാസിൽ മുഴുകും.

സ്കൂളിൽ നിന്നും ഹോസ്റ്റലിൽ നിന്നും വാട്സ്അപ്പ് ഗ്രൂപ്പിലൂടെയും ഗൂഗിൾ മീറ്റിലൂടെയും ഓൺലൈൻ പരിപാടികളുമായി അധ്യാപകരും രക്ഷിതാക്കളും കൂടെയുണ്ടായി എന്നത് ഏറെ സന്തോഷം നൽകി. ഈ ലോക്ഡൗൺ കാലത്താണ് ഞാനും എന്റെ ജ്യേഷ്ഠനും ഒരു യൂട്യൂബ് ചാനൽ തുടങ്ങിയത്.അതിലൂടെ പഠന സംബന്ധമായ കുറച്ച് വീഡിയോസ് അപ് ലോഡ് ചെയ്യാൻ സാധിച്ചു. അതുപോലെ ഹോസ്റ്റലിൽ അധ്യാപകരുടെ നേതൃത്വത്തിൽ ഓൺലൈൻ ദിനപത്ര ക്വിസ്, പുസ്തകാവലോകന മത്സരം, ഫോട്ടോഗ്രഫി, ചിത്രരചന തുടങ്ങി വിവിധ മത്സരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഒരു പക്ഷെ ഈ കൊറോണ കാലത്താകണം എനിക്കേറ്റവും കൂടുതൽ സമ്മാനങ്ങൾ നേടാൻ കഴിഞ്ഞത്.

ഒഴിവു സമയത്തെ ക്രിയാത്മകമായി നല്ല രീതിയിൽ ഉപയോഗിക്കാനറിയുന്നവർക്കും, സമയം വിലപ്പെട്ടതാണെന്ന് മനസ്സിലാക്കി അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവർക്കും തീർച്ചയായും കോവിഡ്കാലം ഉത്സവ കാലം തന്നെയാണ്. പ്രിയപ്പെട്ട അധ്യാപകരെ വീണ്ടും കണ്ടുമുട്ടുവാനും,.കൂട്ടുകാരൊത്തുള്ള കളിയും തമാശകളും നിറഞ്ഞ മധുരിക്കുന്ന ഓർമകൾ സ്വപ്നം കണ്ടുകൊണ്ടും, ഈ മഹാമാരിയും നമുക്ക് അതിജീവിക്കാം ശുഭപ്രതീക്ഷയോടെ ...



# ബാബരി: അനീതി വാഴുമ്പോൾ

**ലേഖനം/ഫുആദ് സനീൻ.കെ** Class IX

2020 ലോകചരിത്രത്തിലെ ഏടുകളിൽ ഒരുപാട് അവിസ്മരണീയ മുഹൂർത്തങ്ങളാൽ അടയാളപ്പെടുത്താൻ പോകുന്ന വർഷം....സ്പാനിഷ് ഫ്ളൂവിനും, പ്ലേഗിനും ശേഷം ഏറ്റവുമധികം മനുഷ്യരുടെ ജീവനെടുത്ത കോവിഡ്19 എന്ന മഹാമാരി കാരണം ലോകമൊട്ടാകെ എല്ലാ മേഖലകളിലും വൻ നഷ്ടങ്ങൾ സംഭവിച്ച വർഷം... സാമ്പത്തിക മേഖല അതിന്റെ നെല്ലിപ്പലക കണ്ടവർഷം ഒരുപാട്സ്വപ്നങ്ങളുമായി വന്ന വ്യവസായികൾക്കും സംരംഭകർക്കും മേൽ കരിനിഴൽ വീഴ്ത്തി ഇടിത്തീയായി പെയ്തിറങ്ങിയ വർഷം ദൈവത്തിന്റെ കൈയ്യും ആയി അവതരിച്ച ഫുട്ബോൾ ഇതിഹാസം ഡീഗോ മറഡോണ ദൈവസന്നിധിയിലേക്ക് മടങ്ങിയ വർഷം ലോക ഫുട്ബോളിലെ അതികായൻമാരായ ഇറ്റലിയെ മൂന്നാം ലോകകപ്പിലേക്ക് നയിച്ച പൗലോ റോസി വിടവാങ്ങിയ വർഷം... ലോകം ഉറ്റുനോക്കിയ അമേരിക്കൻ തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിനെ പരാജയപ്പെടുത്തി ജോ ബൈഡൻ അമേരിക്കയുടെ നാല്പത്തിയാറാം പ്രസിഡണ്ടായി അധികാരമേറ്റ വർഷം.... എന്നിങ്ങനെയെല്ലാമായിരിക്കും 2020 എന്ന ഈ വർഷത്തെ ചരിത്രം അതിന്റെ കണക്കുപുസ്തകത്തിൽ കോറിയിടുന്നത്.

ആഗോളതലത്തിൽ നിന്ന് മാറി ഇന്ത്യയുടെ കാര്യമെടുക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം 2020 ന് വളരെയധികം പ്രാധാന്യമുണ്ട്.

ബിഹാർ തിരഞ്ഞെടുപ്പും, ജനാധിപത്യ ഇന്ത്യ ലജ്ജിച്ച് തലതാഴ്ത്തിയ ഹഥറസ് സംഭവവും ,കർഷക പ്രക്ഷോഭവുമടക്കം നിരവധി സംഭവങ്ങൾക്ക് ഈ കോവിഡ്കാലത്തും ഇന്ത്യൻ ജനത സാക്ഷ്യംവഹിച്ചു. ഇവയിൽ വളരെയേറെ പ്രാധാന്യമുള്ള ഒരു സംഭവമാണ് ബാബരി മസ്ജിദ്വിഷയം.

1527 ൽ പ്രഥമ മുഗൾ ഭരണാധികാരിയായിരുന്ന ബാബർ പണികഴിപ്പിച്ച ഈ മസ്ജിദ് 1992ലാണ് കർസേവകർ തകർത്തു കളയുന്നത്. 28 വർഷത്തെ നിയമ പോരാട്ടങ്ങൾക്കൊടുവിൽ വിധി വന്നപ്പോൾ ബാബരി മസ്ജിദിന്റെ ഭൂമി സമ്പൂർണമായും ക്ഷേത്രനിർമ്മാണത്തിന് വിട്ടു കൊടുക്കുക മാത്രമല്ല മസ്ജിദ് പൊളിച്ച പ്രതികളെഒന്നൊഴിയാതെകുറ്റമുക്തരാക്കുക കൂടിയാണ് നീതിപീഠം ചെയ്തത്. അന്ധവും അനീതിയിലധിഷ്ഠിതവും ആർ എസ് എസിന്റെ ഫാസിസ്റ്റ് പ്രവർത്തനങ്ങളെ പിന്തുണക്കുന്നതുമായ ഈ കോടതി വിധി മതേതര ഇന്ത്യയുടെ കണക്ക് പുസ്തകത്തിൽ, നീതിനിഷേധത്തിന്റെ കറുത്ത അധ്യായമായി എഴുതിച്ചേർത്ത് അതിന് പകരം ചോദിക്കുക തന്നെ ചെയ്യും.രാമനും രാമക്ഷേത്രത്തിനും ആരും എതിരല്ല .ഇഷ്ടമുള്ള മതം സ്വീകരിക്കാനും അത് പ്രചരിപ്പിക്കാനുള്ള അവകാശം ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെഓരോ പൗരനും പ്രധാനം ചെയ്യുന്നുണ്ട്. എന്നാൽ അയോധ്യയിൽ പണിയുന്നത് രാഷ്ട്രീയ രാമന്റെ ക്ഷേത്രമാണ്. ബിജെപിയുടെവിഭജന അജണ്ടയാണ് ഇവിടെ പ്രതിഫലിക്കുന്നത്.

ഒരു മതത്തിന്റെ ആരാധനാലയം തകർത്ത് അവിടെമറ്റൊരു മതത്തിന്റെ ആരാധനാലയം പണിയുമ്പോൾ നോക്കുകുത്തിയാകുന്നത് ഭാരതീയ സംസ്കാരവും ഭരണഘടനാ മൂല്യങ്ങളും ആണ്. പുതിയ ഇന്ത്യക്ക് നിർവചനം മാറ്റിയെഴുതിക്കൊണ്ടിരിക്കുന്നു. രാജ്യം ഹിന്ദുവിന്റെതായി ചിത്രീകരിക്കപ്പെടുകയും, ന്യൂനപക്ഷങ്ങളെ രണ്ടാംകിട പൗരന്മാരായി മാറ്റുകയും, പ്രതിയോഗികളെ ദേശ വിരുദ്ധരായി ചിത്രീകരിക്കുകയും ചെയ്യുന്നു.ബാബരി ധ്വംസനത്തിലൂടെ ഇത്തരം മാറ്റങ്ങൾക്ക് ദൃഢതയും വേഗവും കൂടിയിരിക്കുന്നു . വോട്ട് രാഷ്ട്രീയത്തിന് സംഖ്യാശാസ്ത്രത്തിൽ വിജയിക്കണമെങ്കിൽ ഭൂരിപക്ഷ വിചാരം എതിരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന ജാഗ്രതയാണ് പ്രതിപക്ഷ ചേരിയെ ഭരിക്കുന്നത്. ഒരു ശരാശരി കണക്ക് പറഞ്ഞാൽ ഇന്ത്യയിൽ 80 ശതമാനവും ഹിന്ദുക്കളാണ് 20 ശതമാനത്തിന് വോട്ട് കൊണ്ട് ഒരു രാഷ്ട്രീയപാർട്ടിക്കും അധികാരത്തിലേറാനാവില്ല.



അന്നേരം ചോദ്യങ്ങൾ ഇല്ലാതെ അയോധ്യ സ്വാഗതം ചെയ്യപ്പെടുന്നതും ശിലാപൂജ ചടങ്ങിൽ ക്ഷണിക്കാത്തതിൽ ചില പ്രതിപക്ഷ നേതാക്കൾ കുണ്ഠിതപ്പെടുന്നതുമാണ് രാജ്യം കണ്ടത്. രാമക്ഷേത്രം ദേശീയതയുടെഅടയാളമാണെന്ന്സങ്കോചമില്ലാതെ പറയാൻ പ്രധാനമന്ത്രിക്ക് സാധിക്കുന്നതും അതുകൊണ്ടാണ്.

തീർച്ചയായും ഡിസംബർ 6 നന്മകൾക്ക് വേണ്ടി വാദിക്കുന്നവരുടെ നെഞ്ച് പൊള്ളിക്കുന്ന ദിനമാണ്. ഭരണഘടന സങ്കല്പങ്ങളിലേക്കൊരു തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു. ഇനി പ്രതീക്ഷയാണ് നമ്മെ നയിക്കേണ്ടത്. നീതിക്കെതിരെ പോരാടുന്ന ഫാസിസ്റ്റ് ഭീകരതയ്ക്കെതിരെ, നീതിയുടെ പക്ഷത്ത് നിന്ന് നന്മയുടെവിളക്കിനു തിരികൊളുത്താൻ നമുക്ക് ഓരോരുത്തർക്കും സാധിക്കണം. ഇസ്റായേലിന്റെബാരിക്കേഡുകളില്ലാതെഖുദുസിൽ സുജൂദ് ചെയ്യുന്ന ഒരു ദിവസം വരും എന്നത് ലോക മുസ്‌ലിം ജനതയുടെ, നമ്മുടെ, വിശ്വാസത്തിന്റെ ഭാഗമാണെങ്കിൽ അല്ലാഹുവാണ, ബാബരി മസ്ജിദിന്റെ എല്ലാ അവശിഷ്ടങ്ങളും ഈ രാജ്യത്ത് കുഴിച്ചുമൂടാൻ ആരു ശ്രമിച്ചാലും,ബാബരിയുടെ മണ്ണിൽസുജൂദ് ചെയ്യുന്ന ദിനത്തിനുവേണ്ടി നോമ്പ് നോറ്റ് പ്രതീക്ഷാനിർഭരമായി നിൽക്കുന്നവർക്ക് മുന്നിൽ ആർ എസ് എസിന്റെ അക്രമരാഷ്ട്രീയത്തിന് മുട്ടുമടക്കേണ്ടി വരിക തന്നെ ചെയ്യും.അതിന് വേണ്ട പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ചരിത്രത്തിലെ ഏറ്റവും വലിയ വഴിയടയാളങ്ങളായി രേഖപ്പെടുത്തുമെന്ന കാര്യത്തിലും തർക്കമില്ല.രാജ്യത്തെ യുവാക്കളിലും രാഷ്ട്രീയ ബോധമുള്ള കൗമാരക്കാരുള്ള ക്യാമ്പസുകളിലുമാണ് ഇനി ഇന്ത്യൻ ജനതയുടെ പ്രതീക്ഷ. ഇവ രണ്ടും ഭാരതത്തിന്റെ പ്രശോഭിതമായ ഭാവിയെ നിർണയിക്കുന്ന അവിഭാജ്യ ഘടകങ്ങളാണ്.നീതിയുടെ ഒരു പുലരിക്ക് വേണ്ടി നമുക്ക് പ്രതീക്ഷയോടെകാത്തിരിക്കാം.




# Adolescent's Mental Health

Article / Raniya Shereen Class XI

Adolescence is a crucial period for developing and maintaining social and emotional habits important for mental well-being. . Factors that can contribute to stress during adolescence include a desire for greater autonomy, pressure to conform with peers, exploration of sexual identity, and media influence.

Emotional disorders commonly emerge during adolescence. In addition to depression or anxiety, adolescents with emotional disorders can also experience excessive irritability, frustration or anger. Eating disorders commonly emerge during adolescence as well. Suicide is the third leading cause of death in older adolescents (15-19 years). Nearly 90% of the world's adolescents live in low-or middle-income countries and more than 90% of adolescent suicides are among adolescents living in those countries. Parents and other adults (eg: teachers) should be able to understand and give enough care to this vulnerable age group, since they are still under their guard.




# വിവേചനങ്ങളോട് നോ പറയാം

കുറിപ്പ്/ സൈന ഫാത്തിമ സാജിദ് Class XII

മനുഷ്യന്റെ സ്വാർത്ഥത അങ്ങേയറ്റം എത്തിനിൽക്കുമ്പോൾ മനുഷ്യത്വം മരിച്ചു വീഴുന്ന കാഴ്ചകളാണ് നാം ഇന്ന് കണ്ട് കൊണ്ടിരിക്കുന്നത്. സ്നേഹത്തേക്കാളേറെ വെറുപ്പും പകയും പടർന്ന് പിടിക്കുന്ന ഒരു സമൂഹത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും വർണത്തിന്റെയും പേരിൽ തമ്മിൽ തല്ലി സ്വയം ഇല്ലാതാകുന്നവരെ പുച്ഛത്തോടെ നോക്കിക്കാണാറുണ്ട് നമ്മൾ. എന്നുമുതലാണ് കറുത്തവരേക്കാൾ വലിയവരാണ് തങ്ങൾ എന്ന തോന്നൽ ഇവർക്കുണ്ടായത്?. എന്ന് മുതലാണ് ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യനെ വേർതിരിച്ച് കാണാൻ ഇവർ പഠിച്ചത്? ചിലരുടെയെങ്കിലും വാക്കുകളും പ്രവൃത്തികളും കാണുമ്പോൾ നമ്മൾ സ്വയം ആവർത്തിച്ച് പോകാറുണ്ട് ഈ ചോദ്യങ്ങൾ.എന്നാൽ അതിന്റെ ഉത്തരങ്ങൾ തുടങ്ങുന്നത് പലപ്പോഴും നമ്മുടെയൊക്കെ വീട്ടകങ്ങളിൽ നിന്ന് തന്നെയാണ്.



# വിവേചനങ്ങളോട് നോ പറയാം

ഒരു കുഞ്ഞും വർഗീയ വാദിയോവംശീയ വാദിയോ ആയി പിറന്ന് വീഴുന്നില്ല. പിച്ചവെച്ച് തുടങ്ങുന്ന പ്രായത്തിൽ ഒരു കുരുന്നിനും കറുപ്പ് ഒരു കുറവായി തോന്നിയിട്ടുണ്ടാവില്ല. ‘നമ്മൾ‘ അതെ, നമ്മൾ തന്നെയാണ് വർണത്തിന്റെ പേരിൽ മനുഷ്യനെ വേർതിരിച്ച് കാണാൻ ഇവരെ പഠിപ്പിച്ചത്. അറിഞ്ഞോ അറിയാതെയോ നമ്മൾ തന്നെയാണ് പലപ്പോഴും കുഞ്ഞു മനസ്സുകളിൽ വർഗീയതയുടെയും വംശീയതയുടെയും വിത്തുകൾ പാകുന്നത്. എങ്ങനെ യെന്നല്ലേ? എന്റെ അനുഭവത്തിൽ നിന്ന് തന്നെ പറഞ്ഞു തരാം. കുഞ്ഞുനാൾ മുതലേ കേൾക്കുന്ന ഒന്നാണ് നിന്റെ ഉമ്മച്ചി നല്ല വെളുത്തിട്ടാണല്ലോ പിന്നെന്തേ നീ ഇങ്ങനെ കറുത്തു പോയത് എന്ന്. തെല്ലൊരു സഹതാപത്തോടെയാണ് പലരും ഇത് ചോദിക്കാറ്. എന്നാൽ എന്റെ കുഞ്ഞു മനസിൽ ഈ ചോദ്യം സൃഷ്ടിച്ച മാറ്റം ചെറുതൊന്നുമായിരുന്നില്ല. അന്ന് മുതൽ കുറേകാലത്തേക്ക് വെളുപ്പായിരുന്നു എന്റെ കണ്ണിലെ സൗന്ദര്യം. ആദ്യമായി കറുത്തവരേക്കാൾ കൂടുതലായി എന്തോചിലത് വെളുത്തവർക്കുണ്ടെന്ന് തോന്നിപ്പോയ കാലം. എന്റെ ജീവിതത്തിൽ ആദ്യമായി വർണത്തിന്റെ പേരിൽ മനുഷ്യനെ വേർതിരിച്ച് കാണാൻ പഠിച്ചത് അന്നായിരിക്കണം.

അന്യജാതിക്കാരന്റെ കൈ കൊണ്ടുണ്ടാക്കിയ ഭക്ഷണം കഴിക്കില്ലെന്ന്‌വാശി പിടിക്കുന്ന കാർണോൻമാരുണ്ടായിരുന്നു എന്റെകുടുംബത്തിൽ. പല മുസ്‌ലിം കുടുംബത്തിലും ഞാൻ ഈ രീതി കണ്ടിട്ടുണ്ട്. ഇത്തരം രീതികളിൽ എവിടയാണ് ഇസ്‌ലാം എന്ന് മാത്രം മനസ്സിലാകുന്നില്ല. പണക്കാരനെയും പാവപ്പെട്ടവനെയും വെളുത്തവനെയും കറുത്തവനെയുമെല്ലാം ഒരു പോലെ കണ്ട്സ്നേഹിക്കാൻ പഠിപ്പിച്ച മുഹമ്മദ് നബി (സ) യുടെ പിൻഗാമികളാണ് ഞങ്ങൾ എന്ന് ഏത് അർത്ഥത്തിലാണ് ഇവർ പറയുന്നതെന്ന് മനസിലാകുന്നില്ല. ഇവിടെ നമുക്കാരെയും കുറ്റപ്പെടുത്താനാവില്ല. കാരണം കാലാകാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലകൊള്ളുന്ന ചില ചോദ്യങ്ങളും രീതികളുമാണിവ. പെട്ടന്നൊരു സുപ്രഭാതത്തിൽ ഇവയെ ഇല്ലാതാക്കാൻ നമുക്കാവില്ല. എന്നാൽ നമുക്ക് ഒരു കാര്യം ഉറപ്പുവരുത്താം. നമ്മളിൽ നിന്ന് ഒരിക്കലും ഇത്തരം ചോദ്യങ്ങൾ ഉയരില്ലയെന്ന്, നമ്മുടെ കുടുംബങ്ങളിലെവിടെയും ഇത്തരം രീതികൾ നടക്കാതിരിക്കാൻ ശ്രമിക്കുമെന്ന്.....



# വിവേചനങ്ങളോട് നോ പറയാം

ജാതിയും മതവും വർണവുമെല്ലാം മാറ്റി വെച്ച് മനുഷ്യനെ മനുഷ്യനായിത്തന്നെ കണ്ടുകൂടെ നമുക്ക്?.നമ്മൾ ഓരോരുത്തരും അല്ലാഹുവിന്റെ മനോഹരമായ സൃഷ്ടികളിൽ ഒന്നാണന്ന് ഇനിയെങ്കിലും മറക്കാതിരിക്കാം. മറ്റുള്ളവരോടുള്ള നമ്മുടെ സമീപനം തീർച്ചയായും നമ്മുടെ കൊച്ചു മക്കൾക്ക് മാതൃകതന്നെയാണ്. അവർക്ക് വേണ്ടിയെങ്കിലും നമുക്ക് സ്നേഹിക്കാം... മനസ്സിലാക്കാം... പങ്കുവെക്കാം അതിർത്തികളില്ലാതെ.

**കുറിപ്പ്/ സൈന ഫാത്തിമ സാജിദ്**



# തണലേകുന്നവന്റെ തണ്ടുമുറിക്കരുത്

**ഗുണപാഠ കഥ/അഹമ്മദ് അൽ അംരി** Class IX

അങ്ങ് ദൂരെ ഒരു കാട്ടിൽ ഒരാട് ജീവിച്ചിരുന്നു. പതിവ് പോലെ അന്നും രാവിലെ ആട് പുല്ല്തിന്നാനിറങ്ങി. അപ്പോഴാണ് ഒരു വേട്ടക്കാരൻ ആടിനെ കാണുന്നത്. അതുവരെയും ഒരു മൃഗത്തെയും കിട്ടാതെ അലഞ്ഞുതിരിഞ്ഞു നടന്ന അദ്ദേഹത്തിന് ആടിനെ കണ്ടപ്പോൾ വളരെയധികം സന്തോഷം തോന്നി. വേട്ടക്കാരൻ ആടിനെ ലക്ഷ്യമാക്കി നടന്നു. എന്നാൽ വേട്ടക്കാരന്റെ സാന്നിധ്യം മനസ്സിലാക്കിയ ആട് അവിടെനിന്നും ഓടി ഒരു വള്ളിപ്പടർപ്പിൽ ഒളിച്ചിരുന്നു.

കുറേനേരം തിരഞ്ഞിട്ടും ആടിനെ കാണാനാവാതെ വേട്ടക്കാരൻ നിരാശനായി തിരിഞ്ഞുനടന്നു. ആട് താൻ ഒളിച്ചിരുന്ന വള്ളിപ്പടർപ്പിന്റെ ഇലകൾ തിന്നാൻ തുടങ്ങി.

അപ്പോൾ വള്ളിപ്പടർപ്പ് ചോദിച്ചു 'ഞാനല്ലേ നിന്റെ ജീവൻ രക്ഷിച്ചത്? ആ എന്നെ തന്നെ എന്തിനാണ് നീ നശിപ്പിക്കുന്നത്?'.

ആട് പറഞ്ഞു 'ജീവൻ രക്ഷിച്ചതൊക്കെ പഴയ കഥ. ഇപ്പോൾ എനിക്ക് വിശക്കുന്നുണ്ട്.ആട് തീറ്റ തുടർന്നു.വള്ളിപ്പടർപ്പ് അനങ്ങുന്നത് കണ്ടവേട്ടക്കാരൻ അമ്പുകൊണ്ട് ആടിനെ വീഴ്ത്തി.

ഗുണപാഠം: ഒന്ന് മറ്റൊന്നിന്റെതുടർച്ചയാണ്; ഒന്ന് ഇല്ലാതായാൽ മറ്റുള്ളവയിലും ആ നഷ്ടം പ്രകടമാകും. കാര്യം കാണാൻ ആരെയെങ്കിലും ഉപയോഗിക്കുന്നതിലല്ല തെറ്റ്; കാര്യം കണ്ടപ്പോൾ വലിച്ചെറിയുന്നതിലാണ്. ഒരാൾക്ക് മാത്രമായി ഒരിടത്തും നിലനിൽപ്പില്ല. പരസ്പര ബന്ധിതമാണ്ഓരോ ജീവനും. സ്വാശ്രയരായി ആരുമില്ല. എല്ലാം എന്തിനെയെങ്കിലും ആശ്രയിക്കുന്നുണ്ട്. ആശ്രയിക്കുന്നവർക്കെല്ലാം പകരം നൽകാൻ കഴിഞ്ഞെന്നു വരില്ല. പക്ഷേ, തണലേകുന്നവന്റെതണ്ടു മുറിക്കരുത്.



# നീതിമാനായ ഭരണാധികാരി

**ചരിത്രത്തിൽ നിന്ന്/റൂബി ഖാൻ** Class IX

ഖലീഫ ഉമർ(റ) നീതിമാനായ ഭരണാധികാരിയായിരുന്നു. ഖലീഫയായിട്ടുപോലും ആഡംബര ജീവിതം അദ്ദേഹം നയിച്ചിരുന്നില്ല. അദ്ദേഹത്തിന് വലിയ കൊട്ടാരമോവിലകൂടിയ വസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല . ജനങ്ങളുടെപ്രയാസങ്ങൾ നേരിട്ടറിഞ്ഞ് തീർത്തു കൊടുത്തു വളരെ മാന്യമായാണദ്ദേഹം ജീവിച്ചിരുന്നത്.

ഒരിക്കൽ ത്വൽഹ (റ) നടന്നു പോവുകയായിരുന്നു. മുമ്പിൽ ഒരാൾ വേഗത്തിൽ നടന്നു ചെന്ന് ഒരു കുടിലിലേക്ക് കയറി ചെല്ലുന്നതു കണ്ടു. അദ്ദേഹത്തിന് ആളെ മനസ്സിലായി. അത് ഖലീഫ ഉമർ(റ) ആയിരുന്നു. അദ്ദേഹത്തിന്റെ പിറകെ ചെല്ലുന്നത് മാന്യതയല്ലന്ന് അദ്ദേഹത്തിനു തോന്നി.

അടുത്ത ദിവസം ത്വൽഹ(റ) ആ കുടിലിലേക്ക് കയറി ചെന്നു. അപ്പോൾ അവിടെ രോഗിയായ കണ്ണു കാണാൻ കഴിയാത്ത ഒരു വൃദ്ധയെ കണ്ടു. അദ്ദേഹം അതു കണ്ട് ഞെട്ടി. അദ്ദേഹം അവരോട്കാര്യം തിരക്കി .

അവർ പറഞ്ഞു: 'മോനേ എനിക്ക് തീരെ വയ്യ . ഞാൻ കിടപ്പിലാണ്. കിടക്കുന്നിടത്ത് തന്നെയാണ് എന്റെ മലമൂത്ര വിസർജനം. ഒരാൾ എന്നും രാത്രി വന്ന് ഇതെല്ലാം വൃത്തിയാക്കി എനിക്ക് ഭക്ഷണവും മരുന്നും തരും . അല്ലാഹു അവന് കരുണ നൽകട്ടെ'

ഇതു കേട്ട ത്വൽഹ (റ) അത്ഭുതപ്പെട്ടു. അത് ഖലീഫ ഉമർ (റ) ആണന്ന് അവർക്ക് അറിയില്ല. ഇങ്ങെനെ ജനങ്ങളുടെ പ്രയാസങ്ങൾ നേരിട്ടറിഞ്ഞു പരിഹരിക്കുന്ന നീതിമാനായ ഭരണാധികാരി ആയിരുന്നു ഉമർ(റ).



# ആദ്യത്തെ പുഞ്ചിരി

**കഥ/ആയിഷ ഹുസ്ന** Class VII

മുറിയിലെ ജനാലക്കരികെ നിന്നവൾ ആകാശത്തിലേക്ക് നോക്കി. എന്തോ ഒരു വല്ലായ്മ .ആ ഫ്ളാറ്റിലെ നാല്ചുമരുകൾക്കിടയിൽ നിന്നപ്പോൾ കൂട്ടിലകപ്പെട്ട പക്ഷിയെപ്പോലെ തോന്നി. മടുത്തു ഈ ജീവിതം  മൊബൈൽ ഫോൺ നോക്കിയിട്ടെന്ത് കാര്യം? പുസ്തകമുണ്ടെങ്കിൽ വായിക്കാമായിരുന്നു.

’ടിം ടിം’ കോളിംഗ് ബെൽ മുഴങ്ങി .ചുമരുകളിൽ തട്ടി അത് പ്രതിധ്വനിച്ചു.

# ആദ്യത്തെ പുഞ്ചിരി

'ഓ അമ്മയും അച്ഛനും' അവൾ തന്നത്താൻ പറഞ്ഞു. അവർ നിറയെ മിഠായികൾ വാങ്ങിയിരുന്നു. അവൾക്ക് അതൊന്നും വലിയ കാര്യമായി തോന്നിയില്ല. എങ്ങനെയെങ്കിലും ഇവിടെ നിന്ന് രക്ഷപ്പെടണം.മറ്റന്നാൾ എന്റെ പിറന്നാളല്ലേ. ചോദിക്കുന്നതെല്ലാം തരാമെന്ന് അമ്മ വാക്ക് തന്നിട്ടുണ്ട്. ഞാൻ വലുതായില്ലേ , മിഠായിയൊന്നും എനിക്ക് വേണ്ട. അവൾ ചിന്തിച്ചു. പിന്നെ അമ്മയോട് പറഞ്ഞു:'അമ്മേ എനിക്ക് സ്വാതന്ത്ര്യം വേണം'.

അമ്മ ആശ്ചര്യപ്പെട്ടു ! 'സ്വാതന്ത്ര്യമോ ?? തെളിച്ചു പറ '.

'അതെ അമ്മേ എനിക്ക് സ്വാതന്ത്ര്യം വേണം. എന്റെ പിറന്നാൾ ഞാൻ നാട്ടിൽ വെച്ച് കഴിക്കാനാണ് ആഗ്രഹിക്കുന്നത്.' അത് കേട്ട് അച്ഛൻ പറഞ്ഞു: 'ശരിയാണ്. നമുക്ക് നാട്ടിൽ പോകാം'.

തിങ്കളാഴ്ച രാവിലെ 7 മണിയായിക്കാണും അവർ നാട്ടിലെത്തിയപ്പോൾ . 'അമ്മൂമ്മ—...' അവൾ അമ്മൂമ്മയുടെ അടുത്തേക്ക് ഓടുകയായിരുന്നില്ല പറക്കുകയായിരുന്നു.

'മോളേമുത്തൂ.. നീ വന്നോ? ഹൊ നീയാകെമാറിപ്പോയി. നീയെന്താ വിചാരിച്ചേ ? ഞാൻ മറന്നിട്ടില്ല മോളേ.ഹാപ്പി ബർത്ത്ഡേടൂ യൂ '. 'താങ്ക്യൂ മുത്തശ്ശി.എവിടയെന്റെകൂട്ടുകാർ?'

'ദേ നോക്ക്മുത്തൂ'

അമ്മൂമ്മ ചൂണ്ടിക്കാണിച്ചിടത്തേക്ക് അവൾ നോക്കി. ഇന്ദുവും റസിയയും നദീമും പാച്ചുവും.!!

മുത്തു സന്തോഷത്തോടെ ഓടി. അവരെല്ലാം കൈകോർത്ത് പൊട്ടിച്ചിരിച്ചുകൊണ്ട് പാടത്തേക്ക് പോയി.

അന്ന് രാത്രി കേക്ക് മുറിച്ചു. എല്ലാവരും മിഠായി തിന്നു. ആ സന്തോഷ മുഹൂർത്തത്തിൽ അവളൊരു പാട്ട് പാടി .

'സ്വാതന്ത്ര്യമാണെന്റെ ജീവിതം
അതിലെയാനന്ദമാണെന്റെ ഭക്ഷണം
കിളികളോടൊപ്പം പാറിപ്പറക്കുന്ന
സ്വാതന്ത്ര്യമാണെന്റെ ജീവിതം'

പാട്ടിന് ശേഷം അവളൊന്ന് പുഞ്ചിരിച്ചു. അവളുടെ മനം നിറഞ്ഞ ആദ്യത്തെ പുഞ്ചിരി.

കഥ/ആയിഷ ഹുസ്ന



# നോവിന്റെയാഴങ്ങളിൽ

**കഥ/ഫാത്തിമ ജുമാന** Class XI

നേരം സന്ധ്യയായി തുടങ്ങി. പടിഞ്ഞാറെ ചക്രവാളത്തിൽ പകൽ സൂര്യൻ കൺമറയാറായി. ആകാശമാകെ ചുവന്നുതുടുത്തിരുന്നു. ആ കാഴ്ചയ്ക്ക് ഇന്ന് പതിവിലേറെ ഭംഗി കൂടിയോ? ഒരു കൊച്ചു കുട്ടിയെപ്പോലെ തിണ്ണയിൽ കൂനിക്കൂടിയിരുന്ന് സ്വപ്നം കണ്ടുകൊണ്ടിരുന്ന അവൻ വിടവാങ്ങുന്ന പകൽ സൂര്യനെ നോക്കി പുഞ്ചിരിച്ചു. കാക്കകൾ കൂട്ടത്തോടെ കൂടണയുന്നു. പരിസരമാകെ വിടവാങ്ങുന്ന സന്ധ്യയെ യാത്രയാക്കാനും രാവിനെ വരവേൽക്കാനും ഒരുങ്ങിത്തുടങ്ങി. തെക്കേതിലെ വീട്ടിൽ ഒരാൾ രൂപം തുളസിത്തറയിൽ വന്ന് ദീപം കൊളുത്തുന്നത് മങ്ങിയ വെളിച്ചത്തിൽ അവൻ കണ്ടു. ചുറ്റും വെറുതെ ഒന്ന് കണ്ണോടിച്ചു. പിന്നെ പെട്ടെന്നെന്തോ ഓർത്തിട്ടെന്നപോലെ തിണ്ണയിൽ നിന്നും മുറ്റത്തേക്കെടുത്തുചാടി. ശബ്ദം കേട്ടിട്ടാവണം അപ്പുറത്തുനിന്നാരോ വിളിച്ചു പറഞ്ഞു 'സന്ധ്യയായിട്ടോ പൊറത്തൊന്നും പോവണ്ട ഇനി' കേട്ടപാതി കേൾക്കാത്തപാതി മുറ്റത്തുനിന്നൊന്ന് തിരിഞ്ഞിട്ട് പടിഞ്ഞാറൻ ചക്രവാളം ലക്ഷ്യമാക്കി അവൻ നടന്നു.

ആ നടത്തത്തിന് വല്ലാത്ത വേഗതയുണ്ടായിരുന്നു. വീട്ടുമുറ്റത്തുനിന്നും താഴോട്ടിറങ്ങിയാൽ പിന്നെ ഇടതൂർന്ന് നിൽക്കുന്ന കുറ്റിക്കാടുകളുള്ള ഒരു ചെറിയ നടപ്പാതയാണ്. രാത്രിയായിക്കഴിഞ്ഞാൽ പിന്നെ ആ വഴിയിലൂടെ ആരും നടക്കാറില്ല, ഇവനൊഴികെ. ആ വഴി ചെന്നവസാനിക്കുന്നത് ആറ്റുവ കടവത്താണ്. കടവ് ഇപ്പോൾ വിജനമാണ്. നിശബ്ദമാണ് അവിടം.

# നോവിന്റെയാഴങ്ങളിൽ

ഇരുൾ പടർന്നു തുടങ്ങിയിരിക്കുന്നു. മങ്ങിയ നിലാവെളിച്ചം മാത്രം പുഴയിൽ അവിടെവിടെയായി തെളിഞ്ഞ കാണുന്നുണ്ട്. കാർമേഘം മൂടിയ ആകാശത്ത് പാതിചന്ദ്രൻ മാത്രം . കടവിലെ മണൽപ്പരപ്പിൽ അവൻ ഇരുന്നു. പാറിപ്പറന്ന തലമുടി അകലെ എവിടെനിന്നോ വീശിയടിച്ച സന്ധ്യാകാറ്റിൽ ആടിക്കളിച്ചു. അന്നേരത്തെ കാറ്റിന് ചെകുത്താൻ കാറ്റെന്നാണ് പഴമക്കാർ പറയുന്നത്. പക്ഷെ എന്തോ അവനത് വല്ലാത്ത ഇഷ്ടമായിരുന്നു.

കാൽമുട്ടുകളിൽ കൈകോർത്ത് തലകുമ്പിട്ടിരുന്ന് അവൻ പുഴയിലേക്ക് ചരൽകല്ലുകൾ ഓരോന്നായി എറിഞ്ഞു. നിലാവെളിച്ചം കലർന്ന ജലത്തിൽ കല്ലുകൾ ഓളങ്ങൾ തീർത്തു. ഒരു കൊച്ചുകുട്ടിയെപ്പോലെ അവൻ ആ കാഴ്ച ആസ്വദിച്ചു. അവൻ ഓളങ്ങൾ എണ്ണാൻ തുടങ്ങി. ഒന്ന് രണ്ട് മൂന്ന് നാല്....

അങ്ങനെ എത്രനേരം ഇരുന്നെന്ന് നിശ്ചയമില്ല. പുഴക്കക്കരെ നിന്നുള്ള നാലമ്പലത്തിൽ നിന്നും രാമണി കേട്ടാണ് അവൻ കണ്ണ് തുറന്നത്. അപ്പോഴവൻ മണൽപ്പരപ്പിൽ കിടക്കുകയാണ്. ആകാശത്തു കാർമേഘം കുറഞ്ഞ് തുടങ്ങിയിരിക്കുന്നു. നിലാവ് പൂർണ്ണമായി കാണാം.

ഈറൻ കുളിരുള്ള ആ മണൽപ്പരപ്പിൽ പാൽനിലാവിനേയും നോക്കിക്കിടക്കാൻ വല്ലാത്ത സുഖമുണ്ട്.

ഉറക്കം നഷ്ടപ്പെട്ട രാത്രികൾ അവൻ ഇതുപോലെ കടവത്തും പീടികക്കോലായിലും ചിലപ്പോൾ ഫുട്ബോൾ ഗ്രൗണ്ടിൽ പോലും കഴിച്ച കൂട്ടാൻ തുടങ്ങിയിട്ട് നാളേറെയായി. വീട്ടുകാരവനെ ഉപദേശിച്ചു മടുത്തു. ഈ രാത്രികറക്കം, വിജനവും നിശബ്ദവുമായ പലയിടങ്ങളിൽ ചെന്നുള്ള മയക്കം കുറച്ചുനാളുകളായി അവന്റെ ദിനചര്യയായി മാറിയിരിക്കുകയാണ്.

ജീവിതത്തെക്കുറിച്ച് ഇന്നവന് വേവലാതികളില്ല. പുച്ഛമാണ് പലതിനോടും. ഉറങ്ങിക്കഴിഞ്ഞാൽ പിന്നീടൊരിക്കലും ഉണരരുതേ എന്നവൻ ആഗ്രഹിക്കുന്നു.കാരണം ഉണർന്നിരിക്കുന്ന അവന്റെ മനസ്സ്, അതിലെ നീറിപ്പുകയുന്ന ചിന്തകൾ, ഓർമ്മകൾ എല്ലാം അവന് വേദനയാണ്...വെറുപ്പാണ്.

# നോവിന്റെയാഴങ്ങളിൽ

എത്രയൊക്കെ സ്വയം ആശ്വസിക്കാൻ ശ്രമിച്ചാലും സ്വസ്ഥത കിട്ടാതെ അലയുന്ന ഒരു ഭ്രാന്തനായി അവന്റെ മനസ്സ്മാറിക്കഴിഞ്ഞിരുന്നു.
തന്റെ ജീവിതത്തിൽ ഒരുപാട് മൂല്യമുള്ള, വളരെ കരുതലോടെ സൂക്ഷിച്ച് വെക്കേണ്ടിയിരുന്നതെന്തോ താൻ മനപ്പൂർവ്വം നഷ്ടപ്പെടുത്തി എന്ന കുറ്റബോധം അവനെ ദിനം തോറും ഭ്രാന്തനാക്കിക്കൊണ്ടിരുന്നു.
ആ മണൽപ്പരപ്പിൽ അങ്ങനെ ചലനമറ്റു കിടക്കവേ അവന്റെ മനസ്സ് അഞ്ചുവർഷം പിറകിലേക്ക് കുതിച്ചു പാഞ്ഞു. ഹൈസ്കൂളിലെ വരാന്തയിൽ ഉച്ചക്കുശേഷമുള്ള ഒഴിവ് സമയത്ത് എല്ലാവരും സംസാരിച്ചുകൊണ്ടിരിക്കെ അവൾ തമാശയായി പറഞ്ഞു 'കൂടെയുള്ളതിന്റെ വില മനസ്സിലാവണമെങ്കിൽ ഒരിക്കലും തിരിച്ചു ലഭിക്കാനാവാത്ത വിധം അതൊന്ന് നഷ്ടപ്പെടണം'
അവൻ മണൽപ്പരപ്പിൽ നിന്നും ചാടിയെഴുന്നേറ്റു. ആകാശം നോക്ക– വിങ്ങി വിങ്ങിക്കരഞ്ഞു. ആർത്താർത്തു ചിരിച്ചു. അവനിലെ മറ്റൊരാൾ അന്നേരം ജ മെടുക്കുകയായിരുന്നു. ഇരുകൈകളിലും ചരൽ കല്ലുകൾ വാരി പുഴയിലേക്കെറിഞ്ഞു. ഒന്നുമറിയാതെ ശക്തമായി ഒഴുകുന്ന പുഴയോട് തന്റെ ദേഷ്യമോ സങ്കടമോ അവൻ എറിഞ്ഞു തീർക്കുകയാണ്.
കണ്ണുകൾ ചുവന്നു കലങ്ങി. കാൽ നിലത്തുറക്കാതെയായി.

'എന്നെയും കൂടെ കൊണ്ടുപോകാമായിരുന്നില്ലേ നിനക്ക്'
ആരോടെന്നില്ലാതെ അവൻ ആർത്തു വിളിച്ചു പറഞ്ഞു. കിതച്ചുകൊണ്ട് അവൻ വീണ്ടും മണലിലിരുന്നു. കണ്ണുകളിൽ ഇരുൾ മൂടിയ പോലെ. കാഴ്ച മങ്ങിത്തുടങ്ങി. പതിയെ ശരീരവും മണലിലേക്ക് ചാഞ്ഞു. കണ്ണുകൾ പതിയെ അടഞ്ഞു.

ഇന്നേക്കു മാത്രമോ......?
അതോ എന്നെന്നേക്കുമായോ?

# Drained

Poem/Sulthana Mehaboob Class XI

Neither heard her whispers nor her screams
Faraway was the life she dreamt of,
Aeons away was the ones she needed.
After ages they searched for her,
She fell into a deep chasm
All her fragnance lost
All her strength drained
All her beauty vanished
All her dreams faded
All her stories ended
All her fake smiles
All the shedded tears
All the restless nights
All the anxiety attacks
All the fear
All of her was vapour
Yet she was surving
Till the day it all ended
That's when her breath was taken.


# HER LIFE IN AMAZON RAINFOREST

Poem/Shana Jasmin Class XII


The seat belt holds me tight
And I found this her last flight
Where's my mom , where's my life
I can't get up,  I can't think
Somehow I am woken
And now My shoulder bone is broken
Where's my mom, where's my life
It's a shock throughout my life.
I tried to get up, some how it's happened
I cried for food, and now the clouds darkened
I got a packet of sweets,
I can't walk properly with the broken feet
I could hear the sounds of eagles
I  Only rememberd the words of my father
Where's my mom, where's my life
I do not know if I will ever see her again
I don't know where I could go ,to Northward or to Southward.
According to the flow of the stream I stepped forward
And atlast I found a house without people Where I took out the worms from my wounds Where's my mom, where's my life
I know I have lost her , I know this is her last flight.
For me this is my end or may be this is my start
And a life without you, MOM




Abdul Nihal RK Class XII



Abdul Nihal Class XII




Adnan TA Class IX




Aysha Nasrin Class VIII



Fida Yasir Class XI



Hafiz Anwar Class XII




Zidan Muhamed ClassVII



Rasiya, Class VIII



Faleela Class VII




Lead Square
WADIRAHMA

# WADI VOICE
## Students Bulletin

Staff Editor :
**Jareer Illikkal**

Student Editor :
**Shana Yasmine**

Lead Square
WADIRAHMA

Kodiyathur
Mukkam,Calicut-673602
04952209137
www.wadirahma.org
alislahwadirahma@gmail.com